**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർവ്വീസ് സീനിയോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞതിന് ശേഷം പി.എസ്.സി. മുഖേന മറ്റൊരു വകുപ്പിൽ നിയമനം കിട്ടുകയും പ്രസ്തുത വകുപ്പിൽ 4 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ച് വരുകയും ചെയ്യുന്ന ഒരാൾക്ക് തിരികെ മുൻസിപ്പൽ കോമൺ സർവ്വീസിലേക്ക് മടങ്ങി പോകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>പൊതു താത്പര്യാർത്ഥം മറ്റൊരു സർവീസിൽ നിയമനം ലഭിക്കുകയും പുതിയ സർവീസിൽ 5 വർഷം പൂർത്തിയാക്കുകയോ ടി സർവീസിൽ കൺഫർമേഷൻ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യങ്ങളിൽ തിരികെ മാതൃവകുപ്പിലേക്ക് മടങ്ങുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 8 പ്രകാരം വ്യവസ്ഥയുണ്ട്. മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായതിനാൽ പ്രസ്തുത ചട്ടവ്യവസ്ഥ ബാധകമാണ്. |
| (ബി) | ഇത്തരത്തിൽ മടങ്ങിപ്പോകുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ മുൻകാല സർവ്വീസ് സീനിയോറിറ്റി, സാലറി എന്നിവ സംരക്ഷിച്ച് നൽകുമോ; വ്യക്തമാക്കാമോ? | (ബി) | ഇത്തരത്തിൽ മടങ്ങിപ്പോകുന്നത് അഞ്ചു വർഷത്തിനകമാണെങ്കിൽ മുൻകാല സർവീസ് സംരക്ഷിച്ചു കിട്ടുന്നതാണ്. |

സെക്ഷൻ ഓഫീസർ